**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3966 — 12.12.2018- ൽ മറുപടിയ്ക്ക്

## ആശ്വാസ കിരണം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അടൂർ പ്രകാശ് | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പ മന്ത്രി.) |

| | | | |
|---|---|---|---|
| (എ) | ആശ്വാസകിരണം പദ്ധതിയുടെ വിശദാംശം നൽകുമോ; | (എ) യും (ബി) യും | ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യം ഉള്ളവർ, മാനസിക രോഗികൾ എന്നിവർക്കു പുറമേ പ്രായാധിക്യം കൊണ്ടും, ക്യാൻസർ മുതലായ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലാകുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള ആളുകളെ പരിചരിക്കുന്നവർക്കും 100% അന്ധരായവർക്ക് പരസഹായം ആവശ്യമായതിനാൽ ടി വ്യക്തികളെ പരിചരിക്കുന്നവർക്കും ആശ്വാസ കിരണം പദ്ധതി മുഖേന 600/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നു. |
| (ബി) | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവരെയും കിടപ്പിലായ രോഗികളെയും പരിചരിക്കുന്നവർക്കുള്ള പ്രതിമാസ ധനസഹായം എത്ര രൂപയാണ്; വിശദാംശം നൽകുമോ; | | |
| (സി) | ആശ്വാസ കിരണം പദ്ധതിയ്ക്കായി എന്ത് തുകയാണ് കഴിഞ്ഞ ബഡ്ജറ്റിൽ വകയിരുത്തിയതെന്നും; ഇതുവരെ എന്ത് തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ; | (സി) | ആശ്വാസകിരണം പദ്ധതിയ്ക്കായി കഴിഞ്ഞ ബഡ്ജറ്റിൽ 42 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുവരെ 29.38 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഈ പദ്ധതിയിൽ കീഴിൽ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ അടിയന്തരമായി കുടിശ്ശിക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ഡി) | ഉണ്ട്. ആശ്വാസകിരണം പദ്ധതി ഗുണഭോക്താക്കൾക്ക് 2018 ജൂൺ വരെയുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്. 2017 മാർച്ച് മുതൽ 2018 മാർച്ച് വരെ ലഭിച്ചിട്ടുള്ള പുതിയ അപേക്ഷകൾ പരിശോധിച്ച് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്വീകരിച്ചു വരുന്നു. ഉപധനാഭ്യർത്ഥനയിലൂടെ ടി പദ്ധതിയ്ക്കായി കൂടുതൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് എല്ലാ ഗുണഭോക്താക്കൾക്കും തുടർന്നുള്ള ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) | പ്രസ്തുത പദ്ധതിയ്ക്ക് പഞ്ചായത്തു-കളുടെ ധനസഹായം ലഭ്യമാകുന്നുണ്ടോ; എങ്കിൽ ആയതു സംബന്ധിച്ച വിശദാംശം നൽകുമോ? | (ഇ) | ഉണ്ട്. 2017-2018 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി 40,00,00,000/-രൂപ (നാല്പത് കോടി രൂപ മാത്രം) ലഭ്യമായിട്ടുണ്ട്. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷം ആശ്വാസകിരണം പദ്ധതിയ്ക്കായി ആകെ 73,65,13,000/- രൂപ (എഴുപത്തി മൂന്നു കോടി അറുപത്തഞ്ചു ലക്ഷത്തി പതിമൂന്നായിരം രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. ബഡ്ജറ്റ് വിഹിതത്തിനു പുറമേ ചെലവഴിച്ചിട്ടുള്ള 33,65,13,000/- രൂപ (മുപ്പത്തി മൂന്നു കോടി അറുപത്തിയഞ്ചു ലക്ഷത്തി പതിമൂന്നായിരം രൂപ മാത്രം) സംസ്ഥാനത്തെ എല്ലാ തദ്ദേശ-സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ധനസഹായത്തിൽ നിന്നുമാണ് ചെലഴിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ